27
ആഗസ്റ്റ് 2023
ഞായർ
Pages- 5
Vol. 2 Issue 205

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

574

# ക്രൈസ്തവരോട് മാപ്പ് ചോദിച്ച് പാക്കിസ്ഥാനിലെ ഇസ്ലാമിക നേതൃത്വം

**സർക്കാരിനോടൊപ്പം, തകർക്കപ്പെട്ട ക്രൈസ്തവ ദേവാലയങ്ങൾ പുനർനിർമ്മിക്കാനുള്ള സഹായം നൽകാനും മുസ്ലിം മത നേതാക്കൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്**



എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 27 ഞായർ



# യഹോവയെ സ്തുതിപ്പിൻ

**മി**ക്ക സങ്കീർത്തനങ്ങളുടേയും ആരംഭത്തിലും അവസാനത്തിലും നാം കാണുന്ന ഒരു ആഹ്വാനമാണിത്. യഹോവയെ സ്തുതിപ്പിൻ എന്തിനാണിതിന് ഇത്ര പ്രത്യേകത ദൈവം സ്തുതികളിന്മേൽ വസിക്കുന്നവനാണ് . യഹോവയ്ക്കു സ്തോത്രം ചെയ്യുന്നത് , അവിടുത്തെ നാമത്തെ പുകഴ്ത്തുന്നത് ദൈവത്തിന്റെ സാന്നിദ്ധ്യം നാം ഉറപ്പാക്കുകയാണ്. പ്രതികൂലങ്ങളിലും പ്രതിസന്ധ്യകളിലും മാത്രമല്ല , ജീവിതത്തിന്റെ ഉന്നതവേളയിലും , ആഘോഷദിനങ്ങളിൽ ദൈവത്തെ ഉയർത്തുന്ന ഒരു സ്വഭാവം കെട്ടിപ്പടുക്കുക. സ്തുതിയും സ്തോത്രവും സ്വീകരിപ്പാൻ യോഗ്യനായ ഒരുവൻ നമ്മുടെ ദൈവം മാത്രമാണ് . ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു . ആകാശവിതാനം അവിടുത്തെ കൈവേലയെ പ്രസിദ്ധമാക്കുന്നു. കാരണം അവിടുന്ന് സൃഷ്ടികർത്താവാണ്. അവിടുത്തെ വാക്കിന് സകലവും ഉളവായി . ഇല്ലാത്തതിനെ ഉള്ളത്പോലെ വിളിച്ചുവരുത്തി, സകലത്തിനും പേർ വിളിച്ചു, നക്ഷത്രങ്ങളുടെ ഒക്കെയും എണ്ണം നോക്കുന്നു. സകല ജഡത്തിനും അതതിന്റെ ആഹാരം കൊടുക്കുന്നു. ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ കൂടിവയ്ക്കുന്നു. ഭൂതലത്തിൽ ഒക്കെയും മഴ പെയ്യിക്കുന്നു. ദരിദ്രനെ കപപ്പയിൽ നിന്ന് ഉയർത്തുന്നു. ക്ഷീണിച്ചവർക്ക് ബലം പകരുന്നു. ഹൃദയം തർന്നവരുടെ മുറിവുകളെ കെട്ടുന്നു. എല്ലാ വഴിയും കുറവു തീർത്ത്, ശക്തികൊണ്ട് അര മുറുക്കുന്നു. പാപികളെ രക്ഷിക്കുന്നു. രോഗികളെ സൗഖ്യമാക്കുന്നു . പരിശുദ്ധാത്മാവിനെ നൽകുന്നു. രോഗിരാജാധിരാജാവായി വേഗം വരുന്നു. അവിടുന്ന് എത്ര മഹത്വം ഉള്ളവൻ നമ്മുടെ ദൈവത്തപ്പോലെ വലിയ ദൈവം ആരുള്ളു? യഹോവയെ സ്തുതിപ്പിൻ.



ഷിബു തോമസ് ,ഓക്ലഹോമ

### സാങ്കേതികതയുടെ തെറ്റായ പ്രവണതകളിൽ ജാഗരൂകരായിരിക്കുക:

# മുന്നറിയിപ്പുമായി ഫ്രാൻസിസ് പാപ്പാ

റോം : സാങ്കേതികത്വത്തിന്റെ അതിപ്രസരം മാധ്യമലോകത്തിലും മറ്റും ഉളവാക്കിയിരിക്കുന്ന മനുഷ്യത്വരഹിതമായ പ്രവണതകൾക്കെതിരെ മാർപാപ്പാ മുന്നറിയിപ്പു നല്കുന്നു. ഇറ്റലിയിലെ ഫ്രക്കാത്തിയിലും റോമിലുമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന, കത്തോലിക്കാ നിയമനിർമ്മാതാക്കളുടെ അന്താരാഷ്ട്ര ജാലത്തിൽ പങ്കെടുക്കുന്നവരെ വത്തിക്കാനിൽ സ്വീകരിച്ച് സംബോധന ചെയ്യവെയാണ് ഫ്രാൻസിസ് പാപ്പാ ഇപ്രകാരം പറഞ്ഞത്.



'വലിയ അധികാര വടംവലി, സംഘടിത ആധിപത്യം, സാങ്കേതികത മനുഷ്യത്വരഹിതമായ പ്രവണതകൾക്കുള്ള ക്രിസ്തയ പ്രത്യുത്തരം' എന്നതാണ് ഈ സമ്മേളനത്തിന്റെ വിചിന്തനപ്രമേയം. തെറ്റായ വിവരങ്ങൾ ബോധപൂർവം പ്രചരിപ്പിക്കുക, വിദ്വേഷവും ഭിന്നിപ്പും പ്രോത്സാഹിപ്പിക്കുക, മനുഷ്യബന്ധങ്ങളെ കേവലം കണക്കുകളിലേക്കു ചുരുക്കുക എന്നിങ്ങനെ സാങ്കേതികത്വത്തിന്റെ ഫലമായുണ്ടാകുന്ന അനേകം മനുഷ്യത്വരഹിത പ്രവണതകൾ കാണപ്പെടുന്നുണ്ടെന്നും ആകയാൽ ജാഗ്രത പാലിക്കേണ്ടത് ആവശ്യമാണെന്നും പാപ്പാ പറഞ്ഞു.

കമ്പ്യൂട്ടർ ഇൻറർനെറ്റ് സാങ്കേതികവിദ്യകളുടെ സ്വാധീനത്തിലേക്ക് പരോക്ഷമായി സൂചിപ്പിച്ചുകൊണ്ട്, സാങ്കല്പിക സമാഗമത്തിന്റെ ദുരുപയോഗത്തെ ജയിക്കണമെങ്കിൽ വിയോജിക്കുന്നവരെപോലും പരസ്പരം ആദരിക്കാനും പരസ്പരം ശ്രവിക്കാനുമുള്ള മൗലികാഹ്വനം ഉൾക്കൊള്ളുന്ന യഥാർഥ സമാഗമത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂവെന്ന് ഉദ്ബോധിപ്പിച്ചു

# സംസ്ഥാനത്ത് ചൂട് കൂടും; പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം

തിരുവനന്തപുരം : സംസ്ഥാനത്ത് ഇന്ന് ചൂട് കൂടുമെന്ന് മുന്നറിയിപ്പ്. സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ചൂട് കൂടിയേക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.കൊല്ലം ജില്ലയിൽ ഉയർന്ന താപനില 36°C വരെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട് ജില്ലകളിൽ 35ത്ഥഇ വരെയും തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 34°C വരെയും (സാധാരണയെക്കാൾ 3 °C – 4 °C കൂടുതൽ) താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.

## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

1. ഫെയ്സ്ബുക്കിലൂടെ

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

2 യൂ ട്യൂബിലൂടെ

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

3 ഡിജിറ്റൽ ദിനപത്രത്തിലൂടെ

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

4 ഡിജിറ്റൽ വീക്ക്‌ലിയിലൂടെ

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്‌ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

5 ന്യൂസ് പേപ്പറിലൂടെ

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

6 വെബ്സൈറ്റിലൂടെ

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?**
**ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക:**

India: +91 98465 52220
UAE: +971 55 862 1000

### Christian Live (Malayalam) Advertisement Tariff

| | |
|---|---|
| **Full Page** | **Quarter Page** |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# കൊട്ടാരക്കര സെന്റർ പി വൈ പി എ യുടെ യുവജന ക്യാമ്പ് ആഗസ്റ്റ് 28മുതൽ

കൊട്ടാരക്കര സെന്റർ പി വൈ പി എ യുടെ യുവജന ക്യാമ്പ് ആഗസ്റ്റ് 28, 29, 30,തീയതികളിൽ കലയപുരം TIM ബൈബിൾ കോളേജിൽ വച്ച് നടത്തപ്പെടുന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ എ. ഓ. തോമസ് കുട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

ലഹരിമുഖരിതമാകുന്ന പുതിയ കേരളീയ സാഹചര്യം ഉയർത്തുന്ന വെല്ലുവിളികൾ, കലാലയങ്ങളിൽ നമ്മുടെ വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോൾ, നിരീശ്വരവാദവും, പോസ്റ്റ് മോഡേണിസത്തിന്റെ വെല്ലുവിളികളും യുവജനങ്ങളെ വലിയൊരു സന്ദേഹത്തിലേക്ക് നയിക്കുമ്പോൾ, സപ്തവർണ്ണങ്ങൾ ചാലിച്ചെഴുതിയ വർണ്ണക്കൂടുകളിൽ... ചിലപ്പോഴെങ്കിലും നിരാശയും വേദനയും കരിനിഴൽ വീഴ്ത്തുമ്പോൾ യേശുക്രിസ്തുമായി കണക്റ്റ് ചെയ്യപ്പെടുന്ന ഒരു യുവതലമുറ ക്യാമ്പിലൂടെ ഒരുക്കപ്പെടുവാൻ ആഗ്രഹിക്കുന്നു. ലൂക്കോസ് 15:24,32 വാക്യങ്ങൾ ആസ്പദമാക്കി ' റസ്റ്റോറേഷൻ, വീണ്ടും ജീവിക്കുക(Back to life again) എന്നതാണ് ഈ ക്യാമ്പിന്റെ ചിന്താവിഷയം. പാസ്റ്റർ കെ എസ് ജോൺ ചിന്താവിഷയം അവതരിപ്പിക്കുകയും, തുടർന്ന് ഡോക്ടർ രാജു എം തോമസ്, പാസ്റ്റർ റോയി മാത്യു ബാംഗ്ലൂർ, ഇവ. ഷിബിൻ ജി സാമുവേൽ, പാസ്റ്റർ.അഭിമന്യു അർജുൻ, ബ്രദർ.ബ്ലെസ്സൻ മാത്യു എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും കൂടാതെ പാസ്റ്റർ അൻസൺ പി മാത്യു, പാസ്റ്റർ സാം മാത്യു, പാസ്റ്റർ അനീഷ് തോമസ് എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസ്സുകൾ നയിക്കുകയും ചെയ്യും. പാസ്റ്റർ സ്റ്റാൻലി എൽ ജെ, പാസ്റ്റർ അനിൽ അടൂർ, ബ്രദർ ബിജു ഡാനിയൽ ( പവർ വിഷൻ ) ബ്രദർ ലിജിൻ രാജ് , ബ്ലെസ്സൻ കെ ആർ, ജെരമ്യ, ജെഫിൻ ബി ജോർജ് , ആഗ്നസ് എൽസ മാത്യു, മെറിൻ റെജി എന്നിവർ സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

സെന്റർ പി വൈ പി എ എക്സിക്യൂട്ടീവ്, കമ്മറ്റി മെമ്പേഴ്സ്,ക്യാമ്പ് ജനറൽ കൺവീനർസ്, ജോയിൻ കൺവീനർ എന്നിവർ അടങ്ങുന്ന സമിതി ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

# നോർത്ത് അമേരിക്കൻ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം; അറ്റ്ലാന്റാ ചാപ്റ്ററിന് പുതിയ ഭാരവാഹികൾ

അറ്റ്ലാന്റാ: നോർത്ത് അമേരിക്കൻ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം അറ്റ്ലാന്റ ചാപ്റ്റർ മാധ്യമപ്രവർത്തകരുടെ സമ്മേളനവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും അറ്റ്ലാന്റ ചർച്ച് ഓഫ് ഗോഡ് ഓഡിറ്റോറിയത്തിൽ നടന്നു.



അറ്റ്ലാന്റാ ഐപിസി സഭ ശുശ്രൂഷകൻ പാസ്റ്റർ ചെറിയാൻ സി. ഡാനിയലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കെ.പി.ഡബ്യൂ.എഫ് ദേശീയ പ്രസിഡന്റ് രാജൻ ആര്യപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ബിലിവേഴ്സ് ജേർണൽ ചീഫ് എഡിറ്ററും ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയുമായ പാസ്റ്റർ സാംകുട്ടി മാത്യു അനുമോദന പ്രസംഗവും പാസ്റ്റർ സി.വി. ആൻഡ്രൂസ് ആശംസയും അറിയിച്ചു.

പാസ്റ്റർ സി വി ആൻഡ്രൂസ് (രക്ഷാധികാരി), സാം. റ്റി. സാമുവൽ (പ്രസിഡന്റ്), പാസ്റ്റർ എബി മാമ്മൻ (വൈസ് പ്രസിഡന്റ് ) ഷാജി വെണ്ണിക്കുളം (സെക്രട്ടറി), ചെറിയാൻ കെ. വി (ജോയിന്റ് സെക്രട്ടറി), എബ്രഹാം തോമസ് (ട്രഷറർ), സിസ്റ്റർ അഞ്ചു സ്റ്റാൻലി ലേഡീസ് പ്രതിനിധി എന്നിവരെ തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ചാപ്റ്റർ ഭാരവാഹികളായി തെരഞ്ഞെടുത്തു . നോർത്ത് അമേരിക്കൻ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നാഷണൽ ഭാരവാഹികളായി രാജൻ ആര്യപ്പള്ളി, സാം മാത്യു, നിബു വെള്ളവന്താനം, എബിൻ അലക്സ്, ഡോ. ജോളി ജോസഫ് , ഡോ. ഷൈനി സാം, വെസ്ളി മാത്യൂ എന്നിവർ പ്രവർത്തിക്കുന്നു.

# സമർപ്പണ ശുശ്രൂഷ നടന്നു

ഓതറ : ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ ഓതറ സഭയുടെ നവീകരിച്ച ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ ആഗസ്റ്റ് 26 ന് സ്റ്റേറ്റ് ഓവർസിയർ റവ. സി.സി തോമസ് നിർവ്വഹിച്ചു. തിരുവല്ല സൗത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോസഫ് സാം അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ജെ.ജോസഫ്, ഫിന്നി ജോസഫ് മാത്യു ബേബി, ബാബു വി. മാത്യു, എ.പി തോമസ് തുടങ്ങിയവർ ആശംസകളറിയിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ. ഏ ഡേവിഡ് സ്വാഗതവും സെക്രട്ടറി ബ്ര. ശശിക്കുട്ടി ജോർജ്ജ് കൃതജ്ഞതയും പറഞ്ഞു.




# അരുളിചെയ്യേണമേ! അടിയൻ കേൾക്കുന്നു!

സകലവും ഉളവാകട്ടെ എന്ന ഒറ്റവാക്കിൽ പ്രപഞ്ചോൽപത്തിയും സൃഷ്ടിപ്പും പൂർത്തിയാക്കിയ ദൈവത്തിന്റെ ശബ്ദം പിന്നീട് പലപ്പോഴായി മാനവ ചരിത്രത്തിൽ മുഴങ്ങി കേട്ടിട്ടുണ്ട്.



സവിത തോമസ്

ആദാമേ, നീ എവിടെ എന്നുള്ള ദൈവശബ്ദം ശ്രവിച്ച ആദിമനുഷ്യൻ തന്റെ സൃഷ്ടാവിൽ നിന്നും ഓടി ഒളിക്കുകയാണ്. അതിൽ നിന്നും ഓടിയകന്ന മനുഷ്യനെ തള്ളികളയാതെ മഹാകാരുണ്യവാനായ പരമ പിതാവ് അവനെ വീണ്ടെടുക്കുവാനുള്ള സ്വർഗ്ഗീയ പദ്ധതി തിരുഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ഓരോ തലമുറയിലെയും മനുഷ്യനോട് സംസാരിച്ചുകൊണ്ടിരുന്നു.

ജീവരക്ഷക്കായി പെട്ടകം തീർക്കാൻ നോഹയോട് കല്പിച്ച അതേ ദൈവശബ്ദം തന്നെയാണ് കൽദയ ദേശത്തുനിന്നും അബ്രഹാമിനെ വിളിച്ചിറക്കിയതും സ്നേഹിതനെപ്പോലെ മുഖാമുഖമായി സംസാരിച്ചതും. പാപത്തിൽ നിന്നും അകന്ന് പരമപിതാവിന്റെ പാദാരബിന്ദങ്ങളിൽ താണിരുന്ന് ദൈവ ഹിതത്തിന് അനുസൃതമായി പാദങ്ങൾ ചലിപ്പിച്ച പഴയനിയമ ഭക്തന്മാർ പലപ്പോഴായി ദൈവശബ്!ദം ശ്രവിച്ചവർ ആയിരുന്നു.

ഭൂമിയിൽ ദൈവശബ്!ദം ശ്രവിക്കാതിരുന്ന നാലുനൂറ്റാണ്ടിനു അന്ത്യംകുറിച്ചുകൊണ്ട് ഭൂമിയിൽ മുഴങ്ങിയ ദൈവശബ്!ദം ആയിരുന്നു പുരോഹിതനായ സെഖര്യാവ് ആലയത്തിൽ കേട്ടത്.ലോകരക്ഷിതാവായ ക്രിസ്തുവിന് വഴി ഒരുക്കേണ്ടതിനു മരുഭൂമിയിലെ ശബ്ദമായ യോഹന്നാന്റെ ജനനം സ്വർഗം വിളംബരം ചെയ്ത ശബ്ദമായിരുന്നു. ആറുമാസങ്ങൾക്കു ശേഷം സ്വർഗ്ഗത്തിൽ നിന്നും വീണ്ടും വിളംബരമുണ്ടായി. രക്ഷിതാവിന്റ ജനനം. മരുഭൂമിയിൽ മുഴങ്ങിയ ശബ്ദം നിലച്ചപ്പോൾ ലോകരക്ഷിതാവിന്റെ ശബ്ദം യെരുശലേമിന്റെ വീഥികളിൽ മുഴങ്ങി.

ക്രിസ്തുവിന്റെ ശബ്ദം ഭൂമിയുടെ കേന്ദ്രസ്ഥാനത്തെ ഇളക്കി. പ്രതികൂല സാഹചര്യത്തിലും മുഴങ്ങികേട്ട ദൈവശബ്ദം പിന്നീടങ്ങോട്ട് ലോക ചരിത്രത്തിന്റെ ഗതിയെ നിയന്ത്രിക്കുന്നതും പ്രതീക്ഷ നഷ്ടപ്പെട്ട മാനവകുലത്തിനു പ്രത്യാശയുടെ പുതുപുലരി വിഭാവനം ചെയ്യുന്നതുമായ സന്തോഷകരമായ കാഴ്ചയാണ് ലോകം ദർശിച്ചുപോരുന്നത്.

ദൈവശബ്ദം കേൾക്കാൻ നമുക്കാവശ്യം ആത്മീയ കാതുകളും ക്രിസ്തുവിന്റെ മനസ്സുമാണ്. പൗരോഹിത്യപദവിയിൽ ആശ്രയിച്ചു അഹങ്കരിക്കുന്നവർക്ക് അന്യമായ ദൈവശബ്ദം പെട്ടകത്തോട് അടുത്ത് കിടക്കുന്നവനോട് ഇടപെട്ടു. ആണ്ടുതോറും നടത്തപ്പെടുന്ന പൊതുമീറ്റിങ്ങുകളിൽ കേൾക്കാൻ കഴിയാത്ത ദൈവശബ്ദം ദൈവം അനുവദിച്ചു നൽകിയ കെരീത്തിലും സിംഹക്കുഴിയിലും മരുഭൂമിയിലും ആയിരിക്കുന്ന ലോകം അറിയാത്ത ഭക്തന്മാർ ഇന്നും കേൾക്കുന്നുണ്ട്.

നിശബ്ദരാകുക! ശബ്ദമുഖരിതമായ ഈ ലോകത്തിൽ നിന്നും അകന്ന് നിൽക്കുക!ദൈവശബ്ദത്തിനായി കാത്തിരിക്കുന്ന ഒരുകൂട്ടം ഭക്തശിരോമണികൾക്കൊപ്പം നമുക്കും ഇങ്ങനെ പ്രാർത്ഥിക്കാം. 'കർത്താവെ, അരുളിചെയ്യേണമേ, അടിയൻ കേൾക്കുന്നു!'

# ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ പാമ്പാടി സെന്റർ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനോദ്ഘാടനം

കോട്ടയം : ദൈവസഭയുടെ ഭാവിവാഗ്ദാനങ്ങളായ യുവതലമുറയെ ക്രിസ്തുകേന്ദ്രീകൃത ജീവിത ശൈലിയിലേക്കു എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇന്ത്യ കേരള റീജിയൻ പാമ്പാടി സെന്റർ വൈ.പി.ഇ & സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പൊതുബോധത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും പുതിയ കാലത്തിലെ വക്താക്കളാകുവാൻ യുവതയെ അണിനിരത്തികൊണ്ട് ഒരു rapid response ടീം പ്രവർത്തനമാരംഭിക്കുന്നു. 2023 ഓഗസ്റ്റ് 28 തിങ്കളാഴ്ച 3മണിക്ക് മണർകാട് ലയൺസ് ക്ലബ് ഓഡിറ്റോറിയത്തിൽ ദൈവസഭ അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പ് റവ എൻ പി കൊച്ചുമോൻ ഔദോഗികമായി സമർപ്പിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പ്രളയ /പ്രകൃതി ദുരന്ത മേഖലകളിലുള്ള അടിയന്തിര ഇടപെടലുകൾ, രക്ത / അവയവദാന പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ ബോധവത്കരണം, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ, ആതുരാലയ കേന്ദ്ര സന്ദർശനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, പഠനോപകരണ വിതരണം, സാമൂഹിക തിന്മകൾക്കെതിരെയുള്ള ഇടപെടലുകൾ, പൊതിച്ചോറ് വിതരണം തുടങ്ങിയ നിരവധി സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഏതു അടിയന്തിര ഘട്ടങ്ങളിലും റാപ്പിഡ് റെസ്പോൺസ് ടീം സഹായ പ്രവർത്തനങ്ങൾ നടത്തും.

ഞായർ ചിന്തകൾ

# മൂല്യങ്ങൾ മുതലിന് വഴിമാറുമ്പോൾ....



ഷാജൻ പാറക്കടവിൽ

**മൂല്യങ്ങളോതുന്ന ഗുരുവിനെ വഞ്ചിച്ച് മുതൽ ഉണ്ടാക്കുന്ന ശിഷ്യരുടെ അധഃപ്പതിച്ച ലോകത്തിന്റെ പ്രതിനിധിയാണ് പലപ്പോഴും നേതൃത്വ മേലാളന്മാർ**

ഒരു വ്യക്തിയുടെ അനുക്രമമായ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും സ്വയമേവ തന്നിൽ വന്നുചേരുന്നതും അനുകൂല പ്രതികൂല സാഹചര്യങ്ങളും പരിസരങ്ങളും തനിക്ക് സമ്മാനിക്കുന്ന അറിവുകളിൽ നിന്നും ആർജ്ജിച്ചെടുക്കുന്ന ഒരു പുതിയ സ്വഭാവ വൈശിഷ്ട്യവും അത് സമ്മാനിക്കുന്ന സംസ്കാരവും അതിന്റെ പ്രത്യക്ഷ പ്രകടനവും ആണ് മൂല്യങ്ങൾ എന്ന് പറയുന്നത്. ഒരു വ്യക്തിയിൽ രൂഢമൂലമായിരിക്കുന്ന വിശ്വാസവും ഒപ്പം ദൈനംദിനമായുള്ള തന്റെ ക്രയവിക്രയങ്ങളിൽ സ്വീകരിക്കുന്ന നീതിബോധവും സാമൂഹിക കാഴ്ചപ്പാടും എപ്പോഴും തന്റെ എതിർപ്രതലം സമ്മാനിക്കുന്ന സന്ദേശങ്ങളോടുള്ള ക്രിയാത്മകമായ തന്റെ പ്രതികരണവും ഒപ്പം നിലപാടുകളുടെ പ്രഖ്യാപനങ്ങളും മൂല്യ നിർണ്ണയത്തിലെ പ്രധാന ഘടകങ്ങളാണ്. ഒരു വ്യക്തിയുടെ സ്വഭാവം വൈശിഷ്ട്യവും വിലയും നിർണയിക്കുന്നത് മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്. നേടിയ നേട്ടങ്ങൾ എന്തെന്നും അതെങ്ങനെ നേടിയെന്നത്തിന്റെയും വെളിച്ചത്തിൽ അല്ല വ്യക്തികളെ അളക്കുന്നത്. മറിച്ച് ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഒരു വ്യക്തിയിലെ മൂല്യ രൂപീകരണത്തിൽ പങ്കു വഹിക്കുന്ന നിരവധി ഘടകങ്ങൾ ഉണ്ട്. അതിൽ ആ വ്യക്തി അനുധാവനം ചെയ്യുന്ന വിശ്വാസപ്രമാണങ്ങൾ ഒരു നിർണ്ണായക ശക്തി തന്നെയാണ്. വ്യക്തികളുടെ ജീവിതചര്യകളെ ക്രമപ്പെടുത്തുവാനും നിയന്ത്രിക്കുവാനും നിർണയിക്കുവാനും നിശബ്ദമായി അവനോടൊപ്പം സഞ്ചരിക്കുന്ന കൽപ്പനകളുടെ കുറുപ്പടികളാണവ. അതിൽ ചെയ്യേണ്ടതും നിർബന്ധപൂർവ്വം ചെയ്യാൻ പാടില്ലാത്തതുമായ നിരവധി നിശിത നിയമങ്ങൾ ഉണ്ടാവും. ആരോഗ്യപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പാലിക്കപ്പെടുന്ന നിയമങ്ങൾ വഴി അവൻ അവനിൽ തന്നെ ഒരു പുതിയ ജീവിത നയം പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതം ചിട്ടപ്പെടുത്തി നയിക്കുകയും ചെയ്യും. ഇവിടെ അരുതുകളുടെ അരുതായ്മകളുടെയും ഒരു വലിയ ഘോഷയാത്ര തന്നെ ഉണ്ടാകും. ഇതെല്ലാം വ്യക്തിയുടെ മൂല്യ സംസ്കരണത്തിന്റെ ചേരുവകളാണ്.

മറ്റൊരു പ്രധാനപ്പെട്ട ഘടകമാണ് ആരെ അനുധാവനം ചെയ്യുന്നു എന്നുള്ളത്. അഥവാ ഒപ്പം സഞ്ചരിക്കുന്നവരുടെ ആകൃതിയും പ്രകൃതിയും സാംശീകരിച്ച് സ്വന്തം ജീവിതം അനുകരണത്തിന്റെ പുതിയ മുഖമായി മാറുന്നു. അതുപോലെ മറ്റൊന്ന് സാഹചര്യങ്ങളാണ്. അനുകൂലമോ പ്രതികൂലമോ ആയ പ്രതലങ്ങൾ സൃഷ്ടിച്ച് സ്വയം കരുത്ത് നേടാൻ ഒരു വ്യക്തിയെ പ്രാപ്തമാക്കുന്ന പണിശാലകളാണവ. വ്യക്തികളെ സ്വാധീനിക്കാൻ കെൽപ്പുള്ള സന്ദേശങ്ങളും ആലോചനകളും ഉപദേശങ്ങളും മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുകയും അത് സ്വന്തം ജീവിതത്തിന്റെ സംസ്കരണ ശാലകളിൽ ശുദ്ധീകരണം നടത്തി മാലിന്യമറ്റ മാണിക്യ മണികളായി അവ മാറുമ്പോൾ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന വ്യക്തി വിശേഷങ്ങൾ ആയി സമൂഹം അവരെ തിരിച്ചറിയും. ഉദാത്തമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കുന്നവർക്ക് കനമുള്ള മടിശീലകൾ ഉണ്ടാവില്ല. പുകഴ്ത്താൻ പാദസേവകരോ വായ് തോരാതെ വിളിച്ചുപറയുന്ന അണികളോ ഉണ്ടാവില്ല. അനുചരന്മാരോ ഉപജാപക വൃന്ദങ്ങളോ ഉണ്ടായിരിക്കില്ല. മൂല്യം സൂക്ഷിക്കുന്നവർ എന്നും ഒറ്റയാൾ പട്ടാളമായിരിക്കും. വേറിട്ട വഴികളിലൂടെ സഞ്ചരിക്കുന്നവരും, വ്യക്തിത്വം കാത്ത് സൂക്ഷിക്കുന്നവരും ആയിരിക്കും.

എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ മൂല്യശോഷണം സംഭവിച്ച ഒരു വലിയ സമൂഹത്തിന്റെ മേളനത്തിന് കാതുകൾ കടം കൊടുക്കേണ്ട ഗതികേടാണ് ഈ വർത്തമാനകാലത്തിന്റെ ഏറ്റവും വലിയ ദുരാവസ്ഥ. മൂല്യങ്ങൾ മുതലിന് വഴിമാറി എന്നുള്ളതാണ് ഏറ്റവും വലിയ അപകടം. വിശ്വസിക്കുന്ന വിശ്വാസപ്രമാണങ്ങൾ സ്വന്തം ഉദരപൂർണ്ണത്തിനും മടിശീലകളുടെ വലിപ്പത്തിനും ഹേതു ആകുമ്പോൾ കാരണങ്ങൾ പോലും അന്വേഷിക്കാതെ കാര്യങ്ങൾക്ക് സമ്മതം മൂളേണ്ടിവരുന്ന ദുഃഖകരമായ അവസ്ഥ. മുതൽ മുടക്കുന്നവന് മൂല്യമുണ്ടോ എന്ന് പോലും അന്വേഷിക്കാതെ അവന്റെ അധരചർവ്വണത്തിന് അയിത്തം കൽപ്പിക്കാതെ ആനന്ദ കീർത്തനം പാടാൻ തയ്യാറാകുന്ന ഒരു അവസ്ഥ ഇന്നത്തെ ലക്ഷ്യബോധമില്ലാത്ത സാമൂഹ്യനിർമ്മിതിക്ക് കാരണമാകുന്നു. മൂല്യങ്ങളോതുന്ന ഗുരുവിനെ വഞ്ചിച്ച് മുതൽ ഉണ്ടാക്കുന്ന ശിഷ്യരുടെ അധഃപ്പതിച്ച ലോകത്തിന്റെ പ്രതിനിധിയാണ് പലപ്പോഴും നേതൃത്വ മേലാളന്മാർ. അതുകൊണ്ട് സൃഷ്ടിക്കപ്പെടുന്നത് വാണിജ്യവൽക്കരിക്കപ്പെടുന്ന ഒരു സമൂഹം. ആധുനികതയും ഉത്തരാധുനികതയും ഒക്കെ അടക്കി വാഴുന്ന നമ്മുടെ സമൂഹത്തിൽ മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നവരെ എണ്ണിതീർക്കാൻ അധികം സമയം എടുക്കേണ്ടി വരില്ല.. മൂല്യങ്ങൾ മുതലിന് വഴി മാറിയ സമൂഹത്തിന്റെ പ്രതിനിധികളായി ജീവിക്കേണ്ടി വരുന്ന ദുരാവസ്ഥയാണ് വർത്തമാന കാലത്തിന്റെ നേർചിത്രം. ചിലർക്കെങ്കിലും ആവും അതിൽ വ്യത്യസ്തമാകാൻ. ചിലരെങ്കിലും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കാൻ കഴിഞ്ഞാൽ അതാണ് ഈ കാലത്തിന് നൽകാൻ കഴിയുന്ന ഏക മാതൃകയും. മൂല്യങ്ങളിൽ സ്വയം ആർജിക്കേണ്ട ബോധ്യങ്ങളാണ്. ജീവിതം പ്രകാശ പൂരിതമാക്കാൻ പാലിക്കേണ്ട കടമകളും കർത്തവ്യങ്ങളും ആണ്. ഒരുവൻ മൂല്യങ്ങൾ സൂക്ഷിക്കുന്നതിന് ആണെങ്കിൽ അവൻ അവനിൽ തന്നെയും സമൂഹത്തിനും നന്മയുടെ വഴിചാലുകളായി മാറുന്നു. നമുക്ക് അതിനു സാധിക്കട്ടെ.

# ക്രൈസ്തവരോട് മാപ്പ് ചോദിച്ച് പാക്കിസ്ഥാനിലെ ഇസ്ലാമിക നേതൃത്വം

ലാഹോർ: ജരൻവാലയിൽ ക്രൈസ്തവ ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും നേരെ തീവ്ര ഇസ്ലാമികവാദികളിൽ നിന്നും അടുത്തിടെ നടന്ന ആക്രമണത്തിൽ രാജ്യത്തെ ക്രൈസ്തവരോട് മാപ്പ് ചോദിച്ച് ഇസ്ലാമിക നേതൃത്വം. മാപ്പ് ചോദിച്ചും ഐക്യദാർഢ്യം പ്രഖ്യാപിച്ചും സഹായം വാഗ്ദാനം ചെയ്തും പാക്കിസ്ഥാനിലെ ഇസ്ലാമിക നേതൃത്വം വേറിട്ട നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പാക്ക് മുസ്ലിം മതനേതൃത്വത്തിന്റെ മാറുന്ന ചിന്താഗതിയുടെ നേർസാക്ഷ്യമായി മാറിയിരിക്കുകയാണ്. ചില ഇസ്ലാമിക നേതാക്കൾ അക്രമത്തിന് ഇരയായ ക്രൈസ്തരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം മുമ്പോട്ട് കൊണ്ടുപോകാനായി സ്കോളർഷിപ്പുകൾ വരെ വാഗ്ദാനം ചെയ്തു.

ലാഹോർ ആർച്ച് ബിഷപ്പായ സെബാസ്റ്റ്യൻ ഷായാണ് ഇത് സംബന്ധിച്ച വെളിപ്പെടുത്തൽ നടത്തിയത്. സൗഹൃദത്തിന്റെയും, മതാന്തര സംവാദങ്ങളുടെയും ഫലമായി കുറച്ച് വർഷങ്ങൾക്കു മുമ്പ് വരെ ഒരിക്കലും ചിന്തിക്കാൻ പോലും സാധിക്കാത്ത കാര്യങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഏതാനും ദിവസങ്ങളായി മുസ്ലിം നേതാക്കളോടൊപ്പമാണ് ആർച്ച് ബിഷപ്പ് അക്രമണം നടന്ന സ്ഥലങ്ങളിൽ സന്ദർശനം നടത്തിയത്. അവരിൽ സുന്നികളും ഷിയാകളും, വ്യത്യസ്ത ഇസ്ലാമിക ചിന്താധാരകളിൽ നിന്നുള്ളവരായിരുന്നു.

അക്രമ സംഭവങ്ങളെ മതം ഉപയോഗിച്ച് നീതീകരിക്കരുതെന്നു ജരൻവാലയിൽ എത്തിയ ഇസ്ലാമിക നേതാക്കൾ പറഞ്ഞു. തന്റെ ഒപ്പം സന്ദർശനം നടത്തിയ ഓൾ പാക്കിസ്ഥാൻ ഉലമ കൗൺസിലിന്റെ അധ്യക്ഷൻ താഹിർ മെഹമൂദ് അവിടെവച്ച് ദുഃഖം രേഖപെടുത്തിയതായും ആർച്ച് ബിഷപ്പ് ഷാ വെളിപ്പെടുത്തി. പാക്കിസ്ഥാനിലെ എല്ലാ മുസ്ലീങ്ങൾക്കും വേണ്ടി അദ്ദേഹം ക്രൈസ്തവരോട് മാപ്പും പറഞ്ഞു. രാഷ്ട്രീയ തലത്തിൽ വലിയ സ്വാധീനമുള്ള സംഘടനയാണ് ഓൾ പാക്കിസ്ഥാൻ ഉലമ കൗൺസിൽ. "നിങ്ങളുടെ കുട്ടികൾ ഞങ്ങളുടെയും കുട്ടികളാണ്, അവരുടെ കാര്യത്തെ പറ്റി ഓർത്ത് വിഷമിക്കേണ്ട, അവരെ ഞങ്ങൾ നോക്കും" എന്ന് മുസ്ലിം മത നേതാക്കൾ ക്രൈസ്തവ വിശ്വാസികളായ അമ്മമാരോട് പറഞ്ഞത് തന്നെ സ്പർശിച്ചുവെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു.

സർക്കാരിനോടൊപ്പം, തകർക്കപ്പെട്ട ക്രൈസ്തവ ദേവാലയങ്ങൾ പുനർനിർമ്മിക്കാനുള്ള സഹായം നൽകാനും മുസ്ലിം മത നേതാക്കൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ജമാഅത്തിന്റെ അഫിലിയേറ്റഡ് സംഘടന സോഷ്യൽ വെൽഫെയർ ഏജൻസിയായ അൽഖിദ്മത്ത് ഫൗണ്ടേഷൻ തകർന്ന ക്രിസ്ത്യൻ ഭവനങ്ങൾ പുനർനിർമിക്കാൻ സഹായിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. പാകിസ്ഥാൻ എല്ലാ പൗരന്മാർക്കും ഉള്ളതാണ് എന്ന സന്ദേശവുമായി സെപ്റ്റംബർ മാസം ന്യൂനപക്ഷങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ദേശീയ കൺവെൻഷൻ നടത്തുമെന്ന് രാജ്യത്തെ ഇസ്ലാമിക്ക് പാർട്ടി ജെഐ പ്രഖ്യാപനം നടത്തി.


13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലിഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220


CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA
PRODUCTION
LIVE STREAMING